സി.എച്ച്.സി യായി ഉയർത്തിയിട്ടുണ്ട്. കൊടുവള്ളി ബ്ലോക്കിൽ താമരശ്ശേരി ആശുപത്രി കൂടാതെ കൊടുവള്ളി, പുതുപ്പാടി, ഓമശ്ശേരി, കിഴക്കോട്ട്, മടവൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമുണ്ട്. താമരശ്ശേരി ഗവൺമെന്റ് ആശുപത്രി ഒഴികെ മറ്റെല്ലായിടത്തും ചികിൽസക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വയനാട് ചുരത്തിൽവച്ച് അപകടമുണ്ടായാൽ പെട്ടെന്നുതന്നെ എത്തിച്ചേരാവുന്ന ആശുപത്രിയാണ് താമരശ്ശേരി. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തു താമരശ്ശേരി ഗവൺമെന്റ് ആശുപത്രിയെ സി.എച്ച്. സി ആക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. കൊടുവള്ളി പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹികാരോഗ്യ കേന്ദ്രമാക്കണമെന്ന ആവശ്യം ധനലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്.

(11) വാഴൂർ മണ്ഡലത്തിലെ കങ്ങഴ, നെടുംകുന്നം, കറുകച്ചാൽ പഞ്ചായത്തുകളിൽ മഞ്ഞപിത്തം വ്യാപകമായിരിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ മൂന്നു പഞ്ചായത്തുകളിൽ ഉണ്ടായിട്ടുള്ള മഞ്ഞപിത്ത രോഗത്തെക്കുറിച്ച് മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ വേണ്ടിയാണ് ഈ സബ്മിഷൻ. ഈ അടുത്ത കാലത്തുണ്ടായ കോളറ എന്ന പകർച്ചവ്യാധിയെപ്പറ്റി അത്ര ഗൗരവതരമായി ഗവൺമെന്റും മന്ത്രിയും നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ഈ അപകടം ഒഴിവാക്കാൻ കഴിയുമായിരുന്നു. അന്നത്തെ അശ്രദ്ധയാണ് ആറുപേരുടെ ജീവൻ അപഹരിക്കപ്പെട്ടത്. ഇന്ന് മഞ്ഞപ്പിത്തം പലയിടങ്ങളിലും പടർന്നുപിടിച്ചിരിക്കുന്നു. ഈ മൂന്ന് പഞ്ചായത്തുകളിലെ 16 വയസ്സിന് താഴെയുള്ള കുട്ടികളെയാണ് മഞ്ഞപ്പിത്തം ബാധിച്ചിരിക്കുന്നത്. ഈ സ്ഥിതി വിശേഷം വളരെ ഗൗരവത്തോടുകൂടി കാണേണ്ടതാണ്. കാരണം വെള്ളത്തിൽക്കൂടിയും ഭക്ഷണത്തിൽക്കൂടിയുമാണ് ഇത് പകരുന്നതെന്ന് എല്ലാ പേർക്കുമറിയാം. ശുദ്ധജലം ആ പ്രദേശത്ത് കൊടുക്കാൻ നിവൃത്തിയില്ലാതായിരിക്കുന്നു. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയും കേൾക്കേണ്ടതാണ്. വളരെക്കാലമായി തുടങ്ങിയ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ പൂർത്തിയാകാതിരിക്കുന്നതുകൊണ്ട് ഉള്ള വെള്ളം കൊടുക്കുകയാണ് പതിവ്. ഇന്നിപ്പോൾ അതുമില്ല. ഒലിച്ചുവരുന്ന വെള്ളം ക്ലോറിൻപോലും ചേർക്കാതെയാണ് കൊടുക്കുന്നതെന്ന പരാതിയുണ്ട്. ആ വെള്ളം കുടിച്ച കുട്ടികൾക്കാണ് ഈ അപകടമുണ്ടായിട്ടുള്ളത്. ഇതിന് പ്രതിരോധ നടപടികളെടുക്കേണ്ടതായിരുന്നു. ഇനിയും താമസിയാതെ രോഗപ്രതിരോധ നടപടികളെടുത്തില്ലെങ്കിൽ കുട്ടികൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാകും. സ്കൂളിന് ഒരു ആഴ്ചത്തെ അവധി കൊടുത്തിരിക്കുകയാണ്. അത്രമാത്രം ഗൗരവതരമായ ഒരു കാര്യമാണ്. എന്നുമെന്നും പകർച്ചവ്യാധികളെക്കുറിച്ച് പറയുവാനൊരു സന്ദർഭമുണ്ടാക്കാതെ ഒരിക്കലുണ്ടാകുമ്പോൾ ബാക്കി കാര്യങ്ങൾകൂടി ഒന്നന്വേഷിച്ച് ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല നല്ല വെള്ളം കൊടുക്കാനുള്ള നടപടിയുണ്ടാകണം. നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കി വെള്ളം കൊടുക്കുവാനെങ്കിൽ വഴിയുണ്ടാകണം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) നെടുങ്കുന്നം സെന്റ് തെരേസാസ് ഗേൾസ് ഹൈസ്ക്കൂളിലേയും അവിടത്തെയും തന്നെ യു.പി., എൽ. പി. നഴ്സറി സ്കൂളുകളിലെയും ഏകദേശം 200- ഓളം വിദ്യാർത്ഥികളിൽ 'എ' ഗ്രൂപ്പ് ഹെപ്പറ്റൈറ്റിസ് വൈറസ് പരത്തുന്ന രോഗ

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷണങ്ങൾ കാണുകയുണ്ടായി. അവരെ ആശുപത്രിയിൽ ചികിൽസിപ്പിക്കുകയും ചെയ്തു. കുട്ടികളിൽ ആരുടെയും നില ഗുരുതരമല്ല. കോട്ടയം ജില്ലാ മെഡിക്കൽ ആഫീസറുടെ അന്വേഷണത്തിൽ സ്കൂൾ വളപ്പിലുള്ള രണ്ടു കിണറുകളിലേയും സമീപപ്രദേശത്തുള്ള കനാലിലെ മലിന ജലത്തിലൂടെയുമാണ് രോഗബാധ ഉണ്ടായതെന്ന് കണ്ടെത്തിയിട്ടുണ്ട്. വെള്ളത്തിന്റെ സാമ്പിളുകൾ പരിശോധിക്കുകയും രോഗം പടരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കിണറുകളിലെ വെള്ളം മുമ്പും ഉപയോഗശൂന്യമായിരുന്നു. അത് ക്ലോറിനേറ്റ് ചെയ്ത ശേഷമാണ് ഉപയോഗിച്ചുതുടങ്ങിയത്. ഏതായാലും ആ കിണറുകളിലെ വെള്ളം ഇനി ഉപയോഗിക്കരുതെന്നും പകരം ആവശ്യമായ ശുദ്ധജലം എത്തിക്കണമെന്നും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ രോഗം തടയുന്നതിന് ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നും എല്ലാവിധ സംവിധാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്. മറ്റൊന്ന് കോട്ടയത്ത് പകർച്ചവ്യാധി ഉണ്ടായപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സജീവശ്രദ്ധ ഉണ്ടാകുകയും മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് 24 മണിക്കൂർ തികയുന്നതിനുമുമ്പ് ഞാൻ അവിടെചെന്ന് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയുമുണ്ടായി. അന്നുതന്നെ ഈ കുട്ടികളുടെ പ്രയാസങ്ങൾ എന്റെ ശ്രദ്ധയിൽവന്നിരുന്നു. അന്നുതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ഡി.എം.ഒ.യെ ചുമതലപ്പെടുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(12) കണ്ണൂർ ജില്ലയിലെ ഷിജാസിന്റെ മരണം

ശ്രീ. ജി. കാർത്തികേയൻ : സർ, നമുക്ക് മോചനമില്ലാത്ത പ്രധാനപ്പെട്ട ഒരു രംഗം മരണമാണ്. സ്വാഭാവിക മരണമുണ്ട്, അപകട മരണമുണ്ട്, അസുഖംവന്നിട്ടുള്ള മരണവുമുണ്ട്. ഇന്ന് പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട അതിദാരുണമായ മരണം നമ്മുടെ മനസ്സിനെയും രക്തത്തെയും മരവിപ്പിക്കുന്ന ഒന്നാണ്. കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ പഞ്ചായത്തിലെ ഏഴു വയസ്സുള്ള ഷിജാസ് എന്ന കുട്ടി മറ്റ് കുട്ടികളോടൊപ്പം കളിക്കുകയായിരുന്നു. ഒറ്റപ്പെട്ടുപോയ കുട്ടിയെ തെരുവുനായ്ക്കൾ കടിച്ചുകീറി കൊന്നു. ഇത് ആരുടെയും കുറ്റംകൊണ്ട് സംഭവിച്ചതല്ല. ഇത് തെരുവുകളിലെ ഭീകരമായ ചിത്രമാണ് കാണിക്കുന്നത്. ഷിജാസ് എന്ന ഏഴുവയസ്സുകാരൻ ലക്ഷം വീട് കോളനിയിൽ താമസിക്കുന്ന ചുമട്ടുതൊഴിലാളിയുടെ മകനാണ്. നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും സമാധാന ജീവിതം കയ്യേറുന്ന തെരുവുനായ്ക്കളുടെ കാര്യത്തിൽ അടിയന്തിര പരിഹാരം കണ്ടെത്താനുള്ള നടപടികൾ ഉണ്ടാകണം. മരിച്ച ഷിജാസ് എന്ന കുട്ടി പാവപ്പെട്ട കുടുംബത്തിലെ അംഗവും ചുമട്ടുതൊഴിലാളിയുടെ മകനുമായതിനാൽ ആ കുടുംബത്തിന് അടിയന്തിരമായി നഷ്ടപരിഹാരം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദുകുട്ടി): ബഹുമാനപ്പെട്ട അംഗം അവിടെ അവതരിപ്പിച്ചിട്ടുള്ള ഈ സംഭവം വളരെ ഖേദകരമായിട്ടുള്ള ഒന്നാണ്. അതിദാരുണമായ സംഭവമാണ്. അലഞ്ഞു തിരിയുന്ന നായ്ക്കളെപിടിച്ച് നശിപ്പിക്കുകയെന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യമാണ്. അവർ അത് ചെയ്തു വരുന്നുമുണ്ട്. അവർ പട്ടികളെ പിടിക്കുന്നുണ്ടെങ്കിൽപോലും ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ജാഗ്രതയോടുകൂടിയുള്ള അടിയന്തിര നടപടി സ്വീകരിക്കു

LIBRARY ARCHIVES Kerala Legislative Assembly